**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1618** **19-06-2024 - ൽ മറുപടിയ്ക്ക്**

**വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സബ് രജിസ്ട്രാർ ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സബ് രജിസ്ട്രാർ ഓഫീസുകൾ നിലവിലുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്നും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ; | (എ) | ഉണ്ട് ;<br><br>അരീക്കോട്, എടക്കര, എടപ്പാൾ, കരുവാരക്കുണ്ട്, എടവണ്ണ, മേലാറ്റൂർ, മോങ്ങം, മൂർക്കനാട്, പരപ്പനങ്ങാടി, തിരൂർ, വാഴക്കാട്, വേങ്ങര, വണ്ടൂർ എന്നീ 13 ഓഫീസുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. അരീക്കോട്, കരുവാരക്കുണ്ട് എന്നീ ഓഫീസുകൾക്ക് സ്വകാര്യ വ്യക്തികളിൽ നിന്നും ഭൂമി ദാനമായി സർക്കാരിലേയ്ക്ക് വിട്ടുതരുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മേലാറ്റൂർ, എടക്കര, തിരൂർ സബ് രജിസ്ട്രാർ ഓഫീസുകൾക്ക് ദാനമായി ലഭിച്ച ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും തയാറാക്കുന്ന നടപടിയും മൂർക്കനാട് സബ് രജിസ്ട്രാർ ഓഫീസിന് റിവൈസ്ഡ് പ്ലാൻ തയാറാക്കുന്നതിനുള്ള നടപടിയും പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. പരപ്പനങ്ങാടി സബ് രജിസ്ട്രാർ ഓഫീസിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. വണ്ടൂർ സബ് രജിസ്ട്രാർ ഓഫീസിന് പഴയ കെട്ടിടം നിന്ന സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എടപ്പാൾ, മോങ്ങം, വാഴക്കാട്, വേങ്ങര എന്നീ ഓഫീസുകൾക്ക് പൊതുജനങ്ങളിൽ നിന്നോ റവന്യൂ വകുപ്പിൽ നിന്നോ ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. |
| (ബി) | സബ് രജിസ്ട്രാർ ഓഫീസുകളുടെ വാടക കുടിശികയിനത്തിൽ സർക്കാർ നൽകാനുള്ള തുകയുടെ വിശദാംശം നൽകാമോ; ആയത് എന്നത്തേയ്ക്ക് നൽകുമെന്ന് അറിയിക്കുമോ; | (ബി) | രജിസ്ട്രേഷൻ വകുപ്പിൽ, സബ് രജിസ്ട്രാർ ഓഫീസുകളുടെ വാടക കുടിശികയിനത്തിൽ സർക്കാർ നൽകാനുള്ള, 2024 മേയ് 31 വരെയുള്ള വാടകകുടിശ്ശിക, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്തതനുസരിച്ച് 6,51,45,137/- (ആറ് കോടി അമ്പത്തിയൊന്ന് ലക്ഷത്തി നാല്പത്തി അയ്യായിരത്തി ഒരുന്നൂറ്റി മുപ്പത്തിയേഴ് രൂപ) രൂപയും, മലപ്പുറം ജില്ലയിലെ മാത്രം വാടക കുടിശ്ശിക |

| | | | |
|---|---|---|---|
| | | | 93,90,052/- (തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി തൊണ്ണൂറായിരത്തി അമ്പത്തിരണ്ട് രൂപ) രൂപയുമാണ്. വാടക നിർണ്ണയിക്കുന്നതിനും കുടിശ്ശിക അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | മലപ്പുറം മണ്ഡലത്തിലെ മോങ്ങം സബ് രജിസ്ട്രാർ ഓഫീസ് ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | മോങ്ങം സബ് രജിസ്ട്രാറാഫീസ് ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. ടി ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുയോജ്യമായ ഭൂമി പൊതുജനങ്ങളിൽ നിന്നോ റവന്യൂ വകുപ്പിൽ നിന്നോ കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ നാളിതുവരെ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഓഫീസ് കെട്ടിടനിർമ്മാണത്തിന് ഫണ്ട് അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | (സി ) പിരിവിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ